# Bilateral meeting of External Affairs Minister with Winston Peters, Deputy Prime Minister and Foreign Minister of New Zealand

February 26, 2020

## ന്യൂസിലൻഡിന്റെ സഹ പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ വിൻസ്റ്റൺ പീറ്റേഴ്സ് വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

**26 ഫെബ്രുവരി , 2020**

ന്യൂസിലൻഡിന്റെ സഹ പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ വിൻസ്റ്റൺ പീറ്റേഴ്സ്, വ്യാപാരകാര്യ മന്ത്രി ഡേവിഡ് പാർക്കർ, വ്യാപാര പ്രതിനിധികൾ എന്നിവർക്കൊപ്പം 2020 ഫെബ്രുവരി 25 മുതൽ 28 വരെ ഇന്ത്യ സന്ദർശിക്കുന്നു.

സഹപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയും ഇന്ത്യയുടെ വിദേശ കാര്യമന്ത്രി (EAM) ഡോ. എസ് ജയ്ശങ്കറുമായി 26 ഫെബ്രുവരി 2020 ന് കൂടിക്കാഴ്ച നടത്തി, ഉഭയകക്ഷി ബന്ധങ്ങളുടെ സ്ഥിതിഗതികൾ രാഷ്ട്രീയം , സുരക്ഷാ, സാമ്പത്തികം, സൈനികം കൂടാതെ വ്യക്തിഗത ബന്ധങ്ങൾ എന്നിവയ്ക്ക് ആക്കം കൂട്ടുന്നതിനുള്ള ഭാവിനടപടികൾ എന്നിവയെക്കുറിച്ച് അവലോകനം ചെയ്യുകയും ചെയ്തു.

യോഗത്തിനു ശേഷം, ഹൈദരാബാദ് ഹൗസിൽ നടത്തിയ അത്താഴ വിരുന്നിൽ വ്യാപാരകാര്യ മന്ത്രി പീറ്റേഴ്സും പങ്കെടുത്തു, അദ്ദേഹം 26 ഫെബ്രുവരി 2020 ന് ബഹുമാനപ്പെട്ട വാണിജ്യ വ്യവസായ മന്ത്രി ശ്രീ പിയുഷ് ഗോയലിനെ സന്ദർശിച്ചിരുന്നു. മന്ത്രി പാർക്കർ 26 ഫെബ്രുവരി 2020 ന് ധനമന്ത്രി നിർമല സീതാരാമനെയും സന്ദർശിച്ചിരുന്നു.

ഉപപ്രധാനമന്ത്രി പീറ്റെർഴ്സ് ബഹു. വനം പരിസ്ഥി & കാലാവസ്ഥ വ്യതിയാന വകുപ്പ് മന്ത്രി ശ്രീ പ്രകാശ് ജാവേദ്കറെ 27 ഫെബ്രുവരി 2020 ന് സന്ദർശിക്കും. ന്യൂസിലാൻഡ് പ്രതിനിധി സംഘം മുംബൈ കൂടി സന്ദർശിക്കുകയും ഇന്ത്യ വ്യവസായങ്ങളുമായി സംവദിക്കുന്നതായിരിക്കും.

ഇന്ത്യൻ സന്ദർശനത്തിന് മുൻപ് തന്നെ, NZ inc . ഇന്ത്യൻ സമീപനം 2011 ന്റെ തുടർച്ച എന്ന നിലയിൽ, തന്റെ പുതിയ നയതന്ത്ര പ്രധാനമായ പ്രബന്ധമായ "ഇന്ത്യ 2025 - ഇൻവെസ്റ്റിങ് ഇൻ റിലേഷൻഷിപ്പ്" പ്രസിദ്ധീകരിച്ചിരിക്കുന്നു .ഉഭയകക്ഷി ബന്ധങ്ങൾ ശക്തമാക്കുന്നതിനും പരസ്പരം പൊതുവായ ലക്ഷ്യങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ആഗ്രഹത്തിന്റെ ഒരു പ്രതിഫലനമാണ് ഈ പ്രബന്ധം എന്ന് EAM പ്രസ്താവിക്കുന്നു.

ഇൻഡോ പസഫിക് സമുദ്ര മേഖലയിലെ നൂതന സംരംഭങ്ങൾക്കും സൗരോർജം കാലാവസ്ഥാവ്യതിയാനങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നതിനുള്ള ഇന്റർനാഷണൽ സോളാർ അലെയൻസിനും (ISA) നൽകിയ പിന്തുണയ്ക്ക് ഇന്ത്യ ന്യൂസിലൻഡിനോട് നന്ദി അറിയിച്ചു.

രണ്ടു ഭാഗങ്ങളും ഇൻഡോ പസഫിക് പ്രവിശ്യകളിൽ ഉള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവയ്ച്ചു; ഇവർ കിഴക്കൻ ഏഷ്യ ഉച്ചകോടി മറ്റു ഉചിതമായ ഫോമുകൾ എന്നിവയിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതിനായി സമ്മതിച്ചു. കൂടാതെ പരമാധികാരം, പ്രാദേശിക ഐക്യം കൂടാതെ UNCLOS ഉൾപ്പടെയുള്ള അന്താരാഷ്ട്ര നിയമങ്ങളെ എന്നിവ ഈ പ്രദേശത്തെ സമാധാനത്തിനും സ്ഥിരതയ്ക്കും പ്രധാനമാണ് എന്ന് ഊന്നിപ്പറയുകയും ചെയ്തു. സ്ഥിരമായ അന്താരാഷ്ട്ര വ്യാപാര പരിസ്ഥിതി അത്യന്താപേക്ഷിതമാണ് അവർ അഭിപ്രായപ്പെട്ടു കൂടാതെ WTO യിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതിനും സമ്മതിച്ചു. ഐക്യരാഷ്ട്ര സഭ കൗൺസിലിൽ ഇന്ത്യയുടെ സ്ഥിരമായ അംഗത്വത്തിന് ന്യൂസിലാൻഡ് പിന്തുണ പ്രഖ്യാപിച്ചു .

ഇന്ത്യയിൽ നിന്നുള്ളവരിൽ വളർന്നു വരുന്ന പ്രവാസമനോഭാവവും ന്യൂസിലാൻഡിൽ നിന്നുള്ള വിദ്യാർത്ഥികളും ഇരുരാജ്യങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സൃഷ്ടിക്കുന്നതിന് കാരണമാകുന്നു, കൂടാതെ രണ്ടു രാജ്യങ്ങളും തമ്മിലുള്ള ദൃഢമായ പങ്കാളിത്തത്തിനു അനുകൂലമായ സംഭാവന നൽകുന്നു.

**ന്യൂ ഡൽഹി**
**26 ഫെബ്രുവരി, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.